# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 03, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 9 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 7 പേർക്കും തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നിന്ന് ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 14 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ചികിത്സയിൽ ആയിരുന്ന 5 പേരുടെയും കാസർഗോഡ് ജില്ലയിൽ നിന്നും 3 പേരുടെയും, ഇടുക്കി ജില്ലയിൽ നിന്നും 2 പേരുടെയും, കോഴിക്കോട് ജില്ലയിൽ നിന്നും 2 പേരുടെയും(കാസർഗോഡ് ജില്ലയിൽ നിന്നുള്ള ആൾ) പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെയും പരിശോധനാഫലം ആണ് നെഗറ്റീവായത് . രോഗം സ്ഥിരീകരിച്ച 251 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 205 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 169997 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 169291 പേർ വീടുകളിലും 706 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 9139 സാമ്പിളുകൾ പരിശോധിച്ചതിൽ 8126 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു. ചെറുകിട മരുന്ന് ഉത്പാദകർക്ക് അസംസ്കൃത വസ്തുക്കൾ ഇല്ലാത്തതിനാൽ പ്രതിസന്ധി നേരിടുന്നുണ്ട്. ഇതിനായി പോസ്റ്റൽ വകുപ്പിന്റെ സഹായം തേടാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 900306 കേസുകളും 45692 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 2301 കേസുകളും 56 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേസുകളുടെ മരണനിരക്ക് റേറ്റ് 0.6 ശതമാനമാണ്. നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ലാബുകൾ തിരിച്ച് എത്ര ടെസ്റ്റുകൾ നടത്താൻ സാധിക്കും എന്നും അദ്ദേഹം വിവരിച്ചു. സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ വീടുകളിൽ നിരീക്ഷണത്തിലുള്ള വൃദ്ധജനങ്ങൾക്ക് 134953 ടെലി കൗൺസിലിങ് നടത്തി. ട്രൈബൽ ആശമാരുടെ സഹായത്തോടെ ആദിവാസി മേഖലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ 50 ലക്ഷം പച്ചക്കറി വിത്ത് നൽകാൻ ആരംഭിച്ചു.

## ചീഫ് സെക്രട്ടറി

ചരക്ക് ലോറികളുടെ വരവിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ഹൈദരാബാദിൽ നിന്നും പയറുവർഗങ്ങൾ ലോഡിങ് പ്രശ്നം മൂലം ഇതുവരെ അവിടെ നിന്ന് പുറപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഉപ്പിന്റെ ശേഖരവും കുറഞ്ഞു വരുന്നുണ്ട്. ടെസ്റ്റ് കിറ്റുകൾ, നിത്യേനയുള്ള സുരക്ഷ ഉപകരണങ്ങൾ എന്നിവയുടെ ഓർഡർ നല്കിയിട്ടുണ്ട്. എന്നാൽ ഇത് ലഭിക്കുന്നതിന് 8-10 ദിവസം എടുത്തേക്കും. പൂണെയിൽ നിന്ന് 1000 പി. സി.ആർ ടെസ്റ്റ് കിറ്റുകൾ ബഹുമാന്യനായ എം.പി ശ്രീ. ശശി തരൂർ പറഞ്ഞിട്ടാണ് എന്ന് പറഞ്ഞ് എത്തിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചിട്ടുണ്ട്. ചില അവശ്യ വസ്തുക്കൾ വില വർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എപ്പിഡെമിക്ക് ആക്ട് പ്രകാരം 2385 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് ഇൻസ്പെക്ഷൻ നടത്തി 210 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8.5 ലക്ഷം രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് 114810 കിടക്കകൾ കണ്ട് വച്ചിട്ടുണ്ട്. ഇതിൽ 83284 മുറികൾ ഉടനെ ഉപയോഗിക്കാവുന്ന തരത്തിലാണ്. ബാക്കിയുള്ളവയുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് എത്രയും വേഗം തീർക്കുന്നതാണ്. സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മെഡിക്കൽ വിദ്യാർത്ഥികൾ, പാലിയേറ്റീവ് വർക്കേഴ്സ് എന്നിവരുടെ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാർ ആക്കിയിട്ടുണ്ട് വൃദ്ധസദനങ്ങൾ സാമൂഹിക നീതി വകുപ്പിന്റെ നേതൃത്വത്തിൽ നിരീക്ഷണം നടത്തുന്നുണ്ട്. കോവിഡ് ആശുപത്രികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്. പണം പിൻവലിക്കാൻ ബാങ്കുകളിലും, എ.ടി. എം കളിലും പോകാൻ സാധിക്കാത്തവർക്ക് പോസ്റ്റുമാൻ മുഖാന്തരം വീടുകളിൽ പണം എത്തിച്ച് നൽകാമെന്ന് പോസ്റ്റ് മാസ്റ്റർ ജനറൽ അറിയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിച്ചവർക്ക് മാത്രമേ ഇത് ലഭ്യമാകു.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

മാസ്ക്കുകളുടെ കാര്യത്തിൽ സാർവ്വദേശികമായി ആദ്യമുണ്ടായിരുന്ന സമീപനത്തിൽ മാറ്റമുണ്ട്. രോഗികളെ പരിചരിക്കുന്ന ഡോക്ടർമാർ എൻ. 95 മാസ്ക്കുകളും, മറ്റ് ആരോഗ്യ പ്രവർത്തകർ ട്രിപ്പിൾ ലെയർ മാസ്ക്കുകളും ഉപയോഗിക്കണമെന്നും പൊതു സമൂഹം മാസ്ക്കുകൾ ഉപയോഗിക്കണ്ടെന്നുമാണ് ലോകാരോഗ്യ സംഘടനയും മറ്റും ആദ്യം അറിയിച്ചിരുന്നത്. എന്നാൽ ഇതുവരെയുള്ള ലോകരാജ്യങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സാർവ്വത്രികമായി മാസ്ക്കുകൾ ഉപയോഗിക്കാമെന്ന് ലോകാരോഗ്യ സംഘടനയടക്കമുള്ളവർ ഇപ്പോൾ അഭിപ്രായപ്പെടുന്നത്. ഇതിന് കാരണമായി അവർ പറയുന്നത് രോഗ ലക്ഷണങ്ങൾ ഇല്ലാത്തവർക്ക് പരിശോധനാ ഫലം പോസിറ്റീവായാലും സമൂഹ വ്യാപനം നടന്നിട്ടുണ്ടെങ്കിൽ ഇത് പകരുന്നത് തടയാം എന്നതുമാണ്. ഇതിനായി തുണിക്കൊണ്ടുള്ള മാസ്ക് ഉപയോഗിച്ചാൽ മതിയാകും. ഈ മാസ്കുകൾ കഴുകി ഉപയോഗിക്കാവുന്നതാണ്. അതിനാൽ ഏപ്രിൽ 15 ന് ശേഷം കേരളത്തിൽ ഒരു സാർവത്രിക മാസ്ക് ധാരണം എന്ന പരിപാടി ആരംഭിക്കാവുന്നതാണ്. ഇതിനെക്കുറിച്ച് പല വിദഗ്ദ്ധരും അഭിപ്രായപ്പെടുന്നുണ്ട്. ഇങ്ങനെ ഒരു തീരുമാനം എടുക്കുകയാണങ്കിൽ ഇതിനായി ഒരു സമിതിയെ നിയോഗിച്ച് മാസ്ക്കുകളുടെ കണക്കുകൾ എടുക്കേണ്ടതാണ്. മാസ്ക്കുകൾ ഉപയോഗിക്കുകയാണെങ്കിലും സാമൂഹിക അകലം

പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ടെസ്റ്റിങ്ങിനായി ഉപയോഗിക്കുന്ന കിറ്റുകൾ തുറന്നാൽ ബാക്കി വരുന്നത് ഫ്രിഡ്ജിൽ സൂക്ഷിച്ച് വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

വയനാട് മേഖലയിൽ ചെവിയിൽ വയ്ക്കുന്ന കേൾവി ഉപകരണത്തിന്റെ ബാറ്ററി ലഭ്യമാകുന്നില്ല എന്ന വിവരം ലഭിച്ചിട്ടുണ്ട് എന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. മാസ്കിന്റെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിരുന്നോയെന്ന് മുഖ്യമന്ത്രി ചോദിച്ചു. ബോധവത്കരണം നല്ല രീതിയിൽ നൽകുന്നതിനോടൊപ്പം, പോലീസ് നടപടികൾ ഇതുമായി ബന്ധപ്പെട്ട് ഒഴിവാക്കണം. **(ചുമതല – ആഭ്യന്തര വകുപ്പ്).**
2. മായം കലർന്ന മീൻ വിൽപ്പന കർശനമായി തടയണം. **(ചുമതല – ആഭ്യന്തരം -ഫിഷറീസ് വകുപ്പ്)**
3. വെറ്റില, താമര, സ്ട്രാബറി കൃഷി പ്രതിസന്ധി നേരിടുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല – കൃഷി വകുപ്പ്).**
4. ആശ വർക്കർമാർക്ക് മാസ്ക്, കൈയുറ എന്നിവ കിട്ടുന്നു എന്ന് ഉറപ്പ് വരുത്തണം. **(ചുമതല – ആരോഗ്യ വകുപ്പ്)**
5. കരൾ മാറ്റി വച്ചവർക്ക് മരുന്ന് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണം. **(ചുമതല – തദ്ദേശസ്വയംഭരണം, ആരോഗ്യ വകുപ്പ്)**
6. പാലക്കാട് റേഷൻ അരി ലഭ്യത ഉറപ്പുവരുത്തണം. **(ചുമതല – ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ്)**
7. നെടുമങ്ങാട് കയറ്റിറക്കുകൂലി കൂടുതൽ ആവശ്യപ്പെട്ട് ഉണ്ടായ പ്രശ്നം പരിശോധിക്കണം. **(ചുമതല – തൊഴിൽ വകുപ്പ്)**
8. മത്സ്യബന്ധനത്തിന് പോകുന്നവർ വേറെ സ്ഥലത്ത് എത്തിച്ചേരുന്നുണ്ട്. അവർ നിരീക്ഷണത്തിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. **(ചുമതല – ഫിഷറീസ് വകുപ്പ്)**
9. തീരദേശ മേഖലയിൽ പ്രത്യക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. **(ചുമതല – ബന്ധപ്പെട്ട വകുപ്പ്)**
10. കമ്മ്യൂണിറ്റി കിച്ചണുകളിൽ പലതരത്തിലുള്ള ഇടപെടലുകൾ നടക്കുന്നുണ്ട്. തിരുവനന്തപുരത്ത് ഇത് കൂടുതലാണ്. കൗൺസിലർമാർ അർഹതയുള്ളവർക്ക് മാത്രമേ ഭക്ഷണം നൽകാൻ ആവശ്യപ്പെടേണ്ടതുള്ളു. ഇതു സംബന്ധിച്ച ഉത്തരവിറക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. **(ചുമതല – തദ്ദേശസ്വയംഭരണവകുപ്പ്)**
11. കേരളം തമിഴ്നാടുമായുള്ള അതിർത്തി അടച്ചു എന്ന വ്യാജ വാർത്ത വന്നത് അന്വേഷിക്കണം. **(ചുമതല – ആഭ്യന്തര വകുപ്പ്)**
12. കോട്ടയം നഗരസഭയുടെ കമ്മ്യൂണിറ്റി കിച്ചൺ ഫണ്ട് ഇല്ല എന്ന കാരണം പറഞ്ഞ് നിർത്തിയത് പരിശോധിക്കണം. **(ചുമതല – തദ്ദേശസ്വയംഭരണവകുപ്പ്)**
13. ആരോഗ്യ പ്രവർത്തകന് വെട്ടേറ്റു എന്ന വാർത്ത് പരിശോധിക്കണം. **(ചുമതല – ആഭ്യന്തര വകുപ്പ്)**

14. പ്രധാനമന്ത്രിയുടെ നിർദ്ദേശമനുസരിച്ചുള്ള 17 അംഗ വിദഗ്ദ്ധ സമിതി മുൻ ചീഫ്സെക്രട്ടറി ശ്രീ കെ.എം എബ്രഹാമിനെ കൺവീനർ ആക്കി രൂപീകരിച്ചു. കമ്മിറ്റി 3 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം.
15. ബാങ്കിംഗ് മേഖല ജീവനക്കാർക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ല എന്നത് പരിശോധിക്കണം. **(ചുമതല - പൊതുഭരണം, ആഭ്യന്തര വകുപ്പ്)**
16. റേഷൻ വിതരണത്തിൽ പരാതി ഉണ്ടാകാൻ പാടില്ല. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
17. മോറട്ടോറിയത്തിന്റെ പരിധിയിൽപ്പെടാത്ത ചെറുകിട ധനകാര്യ സ്ഥാപനങ്ങളെ ദുരന്തനിവാരണനിയമം ഉപയോഗിച്ച് ഉൾപ്പെടുത്തണം. **(ചുമതല -പൊതുഭരണം, ധനകാര്യ വകുപ്പ്)**
18. കെ എസ് ആർ ടി സി ഏതുസമയത്തും സേവനത്തിനായി 920 ഡ്രൈവർമാരുടെ പട്ടിക തന്നിട്ടുണ്ട്. ജില്ലാ കളക്ടർമാർക്ക് ഇതുപയോഗിക്കാം. **(ചുമതല - ജില്ലാകളക്ടർമാർ, എം ഡി - കെ എസ് ആർ ടി സി)**
19. ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ കൈയുറ, മാസ്ക് എന്നിവ നൽകണം. **(ചുമതല - തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വ മിഷൻ)**
20. പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ കെട്ടികിടന്ന് വെള്ളം നിറഞ്ഞ് കൊതുക് ഉണ്ടാകുന്നത് ഒഴിവാക്കാൻ ഇത് തരം തിരിച്ച് വീടുകളിൽ സൂക്ഷിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ)**
21. ക്വാറന്റൈൻ ക്യാമ്പുകൾ, കമ്മ്യൂണിറ്റി കിച്ചണുകൾ, അതിഥിതൊഴിലാളികളുടെ ക്യാമ്പുകൾ എന്നിവിടങ്ങളിലെ മാലിന്യം നന്നായി നിർമ്മാർജനം ചെയ്യണം. **(ചുമതല- തദ്ദേശസ്വയംഭരണ വകുപ്പ്.)**
22. ജലക്ഷാമം വർധിക്കുന്നുണ്ട്. നാം ജലം ഉപയോഗിക്കുന്നത് ശ്രദ്ധിച്ച് ചെയ്യണം. പച്ചക്കറി കൃഷിക്ക് കൂടി വെള്ളത്തിന് പകരം ഉപയോഗിച്ച വെള്ളം തന്നെ എടുക്കാൻ ശ്രദ്ധിക്കണം. ഈ ഉപദേശങ്ങൾ വീടുകളിലേക്ക് എത്തിക്കണം. നഗര പ്രദേശങ്ങളിലും ജല ഉപയോഗം ശ്രദ്ധിക്കണം. ജലം ലഭിക്കുന്നു എന്നും ഉറപ്പുവരുത്തണം. **(ചുമതല- ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്.)**
23. ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് മൈക്രോഗ്രീൻ പച്ചക്കറി പദ്ധതി നല്ലതാണ്. 1 കോടി ഫലവൃക്ഷത്തൈകൾ നടാൻ ഉള്ള ഒരുക്കങ്ങൾ നടത്തണം.**(ചുമതല - കൃഷി വകുപ്പ്)**
24. കോവിഡ് പരിശോധനകൾ കൂടുതൽ ചെയ്യാൻ നമുക്കാകണം. അതിനുള്ള സംവിധാനങ്ങൾ നമുക്കുണ്ട്. നീരിക്ഷണ ഘട്ടത്തിൽ കുറച്ച് ലക്ഷണങ്ങൾ ഉള്ളപ്പോൾ തന്നെ സാമ്പിളുകൾ എടുക്കണം. റാപിഡ് ടെസ്റ്റ് ആരംഭിക്കാൻ ഒരുക്കങ്ങൾ വേഗത്തിലാക്കണം അത് വിപുലമായി നടത്തണം. എന്നാൽ നെഗറ്റീവ് ആയി എന്ന് വച്ച് നീരിക്ഷണത്തിൽ നിന്ന് പുറത്ത് വരാൻ പറ്റില്ല. **(ചുമതല- ആരോഗ്യ വകുപ്പ്)**
25. കേരളത്തിൽ നിന്ന് തബ്ലീഗ് കോൺഫറൻസിൽ പങ്കെടുത്ത എല്ലാവരെയും നാം പരിശോധിക്കണം. **(ചുമതല- ആരോഗ്യ, ആഭ്യന്തര വകുപ്പ്)**
26. കുടിവെള്ള ക്ഷാമമുള്ള സ്ഥലങ്ങളിൽ സ്വകാര്യ വാട്ടർ ടാങ്കർ വെള്ളം വിതരണം ചെയ്യുന്നത് ശുദ്ധമാണോ എന്ന് പരിശോധിക്കണം. ശുദ്ധീകരിച്ചില്ലെങ്കിൽ പകർച്ച വ്യാധികൾ പിടിപെടും. **(ചുമതല- ജലവിഭവ, തദ്ദേശ സ്വയംഭരണ വകുപ്പ്)**
27. അതിഥി തൊഴിലാളി ക്യാമ്പുകളിൽ തിരുവനന്തപുരം, ആലപ്പുഴ കോട്ടയം ജില്ലകളിൽ ഭക്ഷ്യ വസ്തു ക്ഷാമം ഉണ്ട് എന്ന് വിവരമുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ജില്ലാ കളക്ടർമാർ)**

28. ചില രോഗങ്ങൾ പടരാനിടയാവുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട് ഇത് ശ്രദ്ധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
29. പാലക്കാട് അതിർത്തിയിൽ തമിഴ്നാട്ടിൽ ആളുകൾക്ക് രോഗം സ്ഥിരീകരിച്ചു. ആയതിനാൽ അവിടെ നിന്ന് കേരളത്തിലേക്ക് ജോലിക്കായി എത്തുന്നവരെ പോലീസ്, ആരോഗ്യവകുപ്പ് ടീം പരിശോധിക്കണം. **(ചുമതല - ആഭ്യന്തരം, ആരോഗ്യ വകുപ്പ്)**.
30. വിലക്കയറ്റം തുടരുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - വിജിലൻസ്, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
31. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗത്തിനെതിരെ കുപ്രചാരണം നടക്കുന്നു. അതിനാൽ കോവിഡ് കാര്യങ്ങൾക്കായി ഇത് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം. **(ചുമതല - ധനകാര്യ വകുപ്പ്)**
32. കേരളത്തിലെ പൊതു മേഖല കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരോട് ദുരിതാശ്വാസ സംഭാവന നൽകണം എന്നഭ്യർത്ഥിക്കണം. **(ചുമതല - ധനം, പൊതുഭരണ വകുപ്പ്)**
33. കുപ്പിവെള്ളത്തിന്റെ ക്ഷാമം വരുന്നുണ്ടോ എന്ന് പരിശോധിക്കണം. കിൻലെ കമ്പനി പോലീസുകാർക്ക് 1 ലക്ഷം കുപ്പി നൽകിയിട്ടുണ്ട്. **(ചുമതല - ജലവിഭവ, വ്യവസായ വകുപ്പ്)**
34. മീറ്റിംഗ് ശനി ഞായർ ദിവസങ്ങളിൽ ഒഴിവാക്കാം.

യോഗം 5.00 ന് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ